ലാബിൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും 24 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് ഒരു വിരലടയാള വിശകലന സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യ മാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണത്തിന് സഹായ കമാകുന്ന ഉപകരണങ്ങളടങ്ങുന്ന കിറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്. ആയവ അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിച്ചുവരുന്നുമുണ്ട്.

(സി) ശാസ്ത്രീയമായ രീതിയിൽ കേസന്വേഷണം നടത്തുന്നതിനും നിര പരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്തുന്നതിനും നടപടികൾ ഇതി നകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

ഓഷ്യനേറിയം

29 (*509) ശ്രീ. എ. എം. യൂസഫ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കു ന്നത് ;

(സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായുള്ള ലാന്റ് റിക്ലമേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) 450 കോടി രൂപ.

(സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടുവെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫിതീയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം രംഗത്തെ നിക്ഷേപം

30 (*510) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ടൂറിസം മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു ; അവ ഏതെല്ലാം ;

(ഡി) അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ വർഷം പുതുതായി ഏതെല്ലാം പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിക്ഷേപകർക്ക് സർക്കാർ എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായവുമാണ് നൽകുന്നത് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly